# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എ എൽ പി - ബി പി-81/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 30/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(എയിംസ് മുഖേന)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3)ഓഫീസ് കോപ്പി

നമ്പർ: കെ എസ് എ എ എൽ പി - ബി പി-81/2023. തീയ്യതി: 30/03/2023

## ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ.ജി | സീനിയർഡെപ്യൂട്ടിഡയറക്ടർ | 18-01-2023 | 23-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-01-2023 | 23-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാദേവി.സി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സിന്ധ്യ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുഷ.റ്റി.പിള്ള,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ജെബിൻ പി വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഗീത എസ് | അസി .ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീ ജിപ്സൺ | അസി എക്സി .എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുജിത എസ് | സി ഡി പി ഒ | 01-04-2021 | 31-03-2022 |
| ഡോ ചിത്രാ സാബു | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രീതി കെ ആർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ജിഷി ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 22-12-2021 |
| ശ്രീ വിപിൻ എസ് | അസിസ്റ്റന്റ് എൻജിനീയർ | 23-12-2021 | 31-03-2022 |
| ശ്രീമതി സോഫിയാ മോൾ | എസ് സി ഡി ഒ | 01-04-2021 | 31-01-2022 |
| ശ്രീ ബിജി .പി | എസ് സി ഡി ഒ | 01-02-2022 | 31-03-2022 |
| ശ്രീമതി ദീപ്തി സി കെ | ഐ ഇ ഒ | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആർ ആർ എഫ് നിലവിൽ പ്രവർത്തനക്ഷമമല്ല | 1-10 |
| 12 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക 3002920/- രൂപ തടസ്സപ്പെടുത്തുന്നു. | 1-11 |
| 13 | പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 14 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-13 |
| 15 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം - ക്രമക്കേടുകൾ | 1-14 |
| 16 | കൊല്ലകടവ് മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്- കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല | 1-15 |
| 17 | ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 871806/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ -വസ്തു പോക്കുവരവ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 19 | പി.എം.എ.വൈ.പദ്ധതി -ലഘു അവലോകനം | 1-18 |
| 20 | വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൌണ്ടുകളിൽ നിക്ഷേപമായി തുടരുന്നു | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം - ക്രമക്കേടുകൾ | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 25-02-2021 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 114420000 | 113460000 |
| ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 65796577 | 59272064 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1))Rp-40b പ്രകാരം താഴെ ചേർത്തിട്ടുള്ള ഇനങ്ങളിലെ ബാങ്ക് അക്കൗണ്ടിലെ തുകകൾ പാസ് ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ബാങ്ക് അക്കൗണ്ടിലെ തുക | വാർഷിക കണക്കിലെ തുക | റിമാർക്സ് |
|---|---|---|---|
| SBI MKSP | 15385 | 14975 | 2021-22 വർഷത്തെ പലിശ വരുമാനമായിട്ടുള്ള 410/- രൂപ വാർഷിക കണക്കിലെ തുകയിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് വ്യത്യാസം സംഭവിച്ചത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.1/20.01.2023) മറുപടി നൽകി. |
| CFC-PFMS Accont | 1359240 | 1108254 | കരാറുകാർക്ക് നൽകേണ്ട 250986/- രൂപ സാമ്പത്തിക വർഷത്തിന് ശേഷം അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിനാലാണ് വ്യത്യാസം സംഭവിച്ചത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.1/20.01.2023) മറുപടി നൽകി. |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഫണ്ടിനങ്ങളുടെ റെക്കൺസിലിയേഷൻ നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

2))2021-22 വർഷം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ 4751920/- രൂപ വിവിധ നിർവ്വഹണ ഏജൻസികളിലായി നിക്ഷേപിച്ചിട്ടുണ്ട്. തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. എന്നാൽ ഷെഡ്യൂൾ B-18 പ്രകാരം 1849920/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3)താഴെ ചേർത്തിട്ടുള്ള ഫണ്ടിനങ്ങളുടെ ഷെഡ്യൂൾ B4 ലെ തുകകൾ B-17 ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B4 പ്രകാരമുള്ള തുക | B-17 പ്രകാരമുള്ള തുക |
|---|---|---|
| നിർമ്മൽ പുരസ്കാരം | 1970662 | 1973004 |
| കോവിഡ് റിക്കവറീസ് | 113800 | 118977 |

4) ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40247390 |
| വരവ് | 71999006 |
| ആകെ | 112246396 |
| ചെലവ് | 80449615 |
| നീക്കിയിരിപ്പ് | 31796781 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 19082356 | 19082356 | 18232791 | 849565 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 19642254 | 19642254 | 18766000 | 876254 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് (റോഡ്) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്(നോൺ-റോഡ്) | 0 | 6729296 | 6729296 | 3010100 | 3719196 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 5875464 | 8562000 | 14437464 | 13215728 | 1221736 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 77 | 128220052 | 63 | 54757449 | 18 | 14 | 81 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 475905 | 608177 | 1084082 | 1024498 | 59584 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 475905 | 608177 | 1084082 | 1024498 | 59584 |

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

താഴെ ചേർത്തിട്ടുള്ള ഏതാനും അപാകതകൾ ഒഴികെ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1) കമ്മറ്റി തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപമായി തുടരുന്നു.

3) നിർമ്മൽ പുരസ്കാരം ഉൾപ്പടെ പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കപ്പെടാതെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്നു.

4) ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

5) കൃഷി വകുപ്പിന് കൈമാറിയ കൊയ്ത്ത് മെതിയന്ത്രം നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു. ഇത് പുനരുപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിന് സാധിക്കാത്ത പക്ഷം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആർ ആർ എഫ് നിലവിൽ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. ആയതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-10 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആർ ആർ എഫ് നിലവിൽ പ്രവർത്തനക്ഷമമല്ല

2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വികസന ഫണ്ടിൽ നിന്നും 2070000/- രൂപ ചെലവഴിച്ച് ആർ ആർ എഫ് സ്ഥാപിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിലാണ് ഈ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 8 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിച്ച് RRF ൽ എത്തിച്ച് R R F പ്രവർത്തനത്തിനായി രൂപീകരിച്ച അംഗങ്ങൾ അവ തരം തിരിച്ച് ഷ്രെഡ്ഡിംഗും ബെയിലിംഗും ചെയ്ത് നിശ്ചിത അളവിലുള്ള കെട്ടുകളാക്കി ക്ലീൻ കേരള കമ്പനി അവ പുന ചംക്രമണത്തിന് കൊണ്ട് പോകുന്ന രീതിയായിരുന്നു അവലംബിച്ചിരുന്നത്. ആർ ആർ എഫിന്റെ നിലവിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/23.2.2023) ക്ലീൻ കേരള കമ്പനിയുടെ പുതുക്കിയ മാനദണ്ഡപ്രകാരമുള്ള ഷ്രെഡ്ഡിംഗും ബെയിലിംഗും അളവ് 5000kg/month എന്നതിൽ നിന്നും 15000 Kg/month എന്ന് വർദ്ധിപ്പിച്ചതിനാൽ തൊഴിലാളികൾക്ക് തുടർന്നുള്ള പ്രവർത്തനം അസാദ്ധ്യമാണെന്ന് അറിയിച്ചതിനാലും ക്ലീൻ കേരള കമ്പനിയുടെ കരാർ വ്യവസ്ഥ പ്രകാരമുള്ള ലാഭവിഹിതം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമല്ലാത്തതിനാലും കരാർ പുതുക്കേണ്ടതില്ലെന്ന് ഭരണസമിതി തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആർ ആർ എഫ് പ്രവർത്തനം താല്കാലികമായി നിർത്തി വെയ്ക്കുകയും ഈ വിവരം ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ ആലപ്പുഴ എന്നിവിടങ്ങളിൽ അറിയിക്കുകയും ചെയ്തതായി അറിയിച്ചു. ക്ലീൻ കേരള കമ്പനി 21.1.2023 ൽ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 79267/-രൂപയുടെ നഷ്ടം കമ്പനിയ്ക്കുണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ ഉപകരണം പ്രവർത്തനക്ഷമമാക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. യൂണിറ്റിലെ തൊഴിലാളികളുടെ വരുമാന മാർഗ്ഗവും ഇത് വഴി ഇല്ലാതായി. ഉപകരണം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക 3002920/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിൽ ഡെപ്പോസിറ്റ് വർക്കിനായി തുക വിനിയോഗി ച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 02/2021-22/19-01-2023 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നടപ്പാക്കിയ ഡെപ്പോസിറ്റ് വർക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഡെപ്പോസിറ്റ് വർക്കിന്റെ പേര് | ചെലവഴിച്ച തുക | ട്രഷറി ബിൽ നം./വൗച്ചർ നം. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| S0097/22 | ചെറിയനാട് പഞ്ചായത്തിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1404000 | 2107026300840118210‌8/22-02-2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ |
| S0099/22 | മുളക്കുഴ അരീക്കര കുടിവെള്ള പദ്ധതി മെയിന്റനൻസ് | 749000 | 21070263008401479511/26-03-2022 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ആലപ്പുഴ |
| S0098/22 | പുലിയൂർ നൂറ്റവൻപാറ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 849920 | XVFC/2021-22/P/13 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ |
| | ആകെ | 3002920 | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3002920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 ൽ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിനായി രണ്ടു പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|
| S0017/22 | 4470000 (വികസന ഫണ്ട് – എസ് സി പി)<br>730000 (തനതു ഫണ്ട്) | 4103489 (വികസന ഫണ്ട് – എസ് സി പി) |
| S0054/22 | 926042 (വികസന ഫണ്ട് -എസ് സി പി) | 575000 (വികസന ഫണ്ട് -എസ് സി പി) |

മേൽ രണ്ടു പ്രോജക്ടുകളിലുമായി ആനുകൂല്യം ലഭിച്ച ഏതാനും ഗുണഭോക്താക്കൾ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര്, മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| S0054/22 (സ്പിൽ ഓവർ പ്രോജക്ട്) | ആദിത്യൻ മധു താഴെപള്ളത്ത്, ചെറിയനാട് | 175000 |
| | അരവിന്ദ് കൃഷ്ണ, പള്ളിക്കുടത്തിൽ, കല്ലിശ്ശേരി, തിരുവൻവണ്ടൂർ | 175000 |
| | അനീഷ് പി ബാബു, പുത്തൻ പുരയിൽ, തിരുവൻവണ്ടൂർ | 175000 |

| | | |
|---|---|---|
| S0017/22 | മധു റ്റി സി, തുരുത്തിയിൽ, നെടുവരം കോട് | 155000 |
| | സിന്ധു ശിവൻ, ശിവാലയം, പാണ്ടനാട് | 155000 |
| | സന്തോഷ് പി സി, പട്ടന്റയ്യത്ത്, ചെറിയനാട് | 155000 |
| | രാജേഷ് കെ സി, രാജേഷ് ഭവനം, ഇലഞ്ഞിമേൽ, ബുധനൂർ | 155000 |
| | വസന്തകുമാരി, അരുണാലയം, പെണ്ണുക്കര, ആല | 155000 |
| | മനോജ് എം എം, പവിഴാലയം, ഇരമല്ലിക്കര, തിരുവൻവണ്ടൂർ | 155000 |
| | സാവിത്രി, വടക്കേ നിൽക്കുന്നതിൽ, വെൺമണി | 155000 |
| | ലേഖ റ്റി വി, പാലനിൽക്കുന്നതിൽ, ചെറിയനാട് | 155000 |
| | കെ സി ഹരിദാസ്, കുളത്തിന്റെ തെക്കേതിൽ, വെണ്മണി | 155000 |
| | അജിത, കാട്ടൂർത്തറയിൽ, ബുധനൂർ | 125000 |

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.7/ 20.01.2023 ന് പ്രവൃത്തി അവസാന ഘട്ടത്തിലാണെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്നും പ്രവർത്തി പൂർത്തീകരിക്കാത്തവരെ സംബന്ധിച്ച വിവരം പ്രമോട്ടർ മുഖേന ജനപ്രതിനിധിയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

പഠന മുറി നിർമ്മാണ പ്രവർത്തങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ മുൻകൂറായി തുക നല്കിയിട്ടും മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം./പേര് – S0084/22/പാലിയേറ്റീവ് കെയർ സൊസൈറ്റികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ

അടങ്കൽ -100000

ചെലവ് -100000

ബിൽ നം .67/21-22/26.03.2022

ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സൊസൈറ്റികൾക്ക് സർക്കാർ ഉത്തരവു പ്രകാരം അനുവദനീയമായ മരുന്നുകൾ, ഹോം കെയർ കിറ്റ് എന്നിവ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രോജക്ട്.

പാലിയേറ്റീവ് കെയർ സൊസൈറ്റികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ എന്ന ഈ പദ്ധതിക്കായി പ്രൊഫോർമ ഇൻവോയിസ് നം. 7301/24.03.2022 പ്രകാരം 100000 /-രൂപ കെ എം എസ് സി എൽ ന് നല്കിയിട്ടുണ്ട്. എന്നാൽ തുകയ്ക്ക് അനുസൃതമായുള്ള സാധനങ്ങൾ ലഭിച്ചതായി കാണുന്നില്ല. കൂടാതെ ലഭിക്കുന്ന സാധനങ്ങൾ ഏതെല്ലാം സൊസൈറ്റികൾക്കാണ് വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നതെന്നും പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

2.പ്രോജക്ട് നം. / പേര് – S0025/22 /വൃക്ക രോഗികൾക്ക് ഡയാലിസിസ് കിറ്റും മരുന്നും

അടങ്കൽ 150000/-

ചെലവ് 150000/-

ബിൽ നം.31/21-22/01.11.21

പ്രസ്തുത പദ്ധതിക്കായി പ്രഫോർമ ഇൻവോയിസ് നം. 2570/7.10.21 പ്രകാരം 150000/-രൂപ കെ എം സി എൽ ന് നല്കിയിട്ടുണ്ട്. ഫയൽ പ്രകാരം ഇനിയും 4888/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്.

3.പ്രോജക്ട് നം./ പേര് - S0022/22/ചെങ്ങന്നൂർ സെക്കന്ററി പാലിയേറ്റീവ് കെയർ 2021-22

അടങ്കൽ. 500000

ചെലവ്. 500000

ചെങ്ങന്നൂർ സെക്കന്ററി പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്കായി ബിൽ നം. 32/2021-22/01.11.2021 പ്രകാരമുള്ള 57483/- രൂപയിൽ 50000/- രൂപ മരുന്നുകൾക്കായി കെ എം സി എൽ ന് നല്കിയിട്ടുണ്ട്. ഫയൽ പ്രകാരം ഇനിയും 7798/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്.

മരുന്നിന്റെ ലഭ്യതയെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.10/21-22/21.01.23 ന് മറുപടി ലഭ്യമാക്കിയില്ല. തുക മുൻകൂറായി നല്കിയിട്ടും മുഴുവൻ മരുന്നുകളും ലഭിക്കാത്ത സാഹചര്യത്തിൽ ഇനിയും ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 112686/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം - ക്രമക്കേടുകൾ

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 07-09-2021 ലെ 4(1) നം. തീരുമാന പ്രകാരം പട്ടികജാതി വികസന ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഡേറ്റാ എൻട്രി ഓപ്പറേറ്ററെ 03 മാസത്തേക്ക് നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29-11-2021 ലെ 3(1) നം. തീരുമാന പ്രകാരം ടിയാളുടെ നിയമനം ഒരു മാസത്തേക്ക് കൂടി നീട്ടാനും തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രമ്യ.എസ്.രവീന്ദ്രൻ എന്ന വ്യക്തിയെ ഡേറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. വേതനം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തുക | ജോലി ചെയ്ത മാസം | ജോലി ചെയ്ത ദിനങ്ങളുടെ എണ്ണം |
|---|---|---|---|
| 0981782/10-11-2021 | 9060 | 09/2021 | 12 |
| 0981784/19-11-2021 | 9815 | 10/2021 | 13 |
| 0981791/06-12-2021 | 1510 | 11/2021 | 02 |
| 3977622/16-12-2021 | 10570 | 11/21 | 14 |
| 0981809/25-01-2022 | 4530 | 01/22 | 6 |
| 0981803/10-01-22 | 11325 | 12/21 | 15 |
| 0981820/22-02-22 | 5285 | 01/22 | 7 |

ഇപ്രകാരം നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/21-01-2023 ന് നൽകിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിയമനം നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. അനുവദനീയമായ തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്താവുന്നതാണ്. പട്ടികജാതി വികസന ഓഫീസിൽ ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ തസ്തികയില്ല. സർക്കാർ അനുമതിയോ നിർദ്ദേശമോയില്ലാതെ ഇപ്രകാരം നിയമനം നടത്തി വേതനം നൽകിയിരിക്കുന്നു. അനുവദനീയമായ തസ്തികയോ, സർക്കാർ അനുമതിയോ ഇല്ലാതെ ഈ രീതിയിൽ തസ്തിക സൃഷ്ടിച്ച് ചെലവ് നടത്തിയത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 52095/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-15 കൊല്ലകടവ് മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്- കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല

പ്രോജക്ടിന്റെ വിശദാംശങ്ങൾ :കൊല്ലകടവ് മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

എം. ബുക്ക് നമ്പർ: 11/21-22

ചെലവ് വിവരങ്ങൾ : Rs.604682/-(ചെക്ക് നം.0046EATPAY REQ603200226307/6.3.22)

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ കൊല്ലകടവ് മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ട് (S0075/22). 15 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രവർത്തിയ്ക്കായി 24.9.2021 ൽ ഇ ടെന്റർ ക്ഷണിച്ചിരുന്നു. ഇതിൻ പ്രകാരം 1)Enviro Machines And Systems- Rs-1221016.7, 2)K.M യോഹന്നാൻ-1251211.55. ഇവയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് Enviro Machines And Systems എന്ന സ്ഥാപനമാണ്. എന്നാൽ ഈ ടെന്റർ പരിഗണിക്കാതെ 2010.2021 ലെ 2/3 നമ്പർ കമ്മറ്റി തീരുമാന പ്രകാരം റി ടെന്റർ ക്ഷണിക്കുകയും 1226049/- രൂപയുടെ ടെന്റർ ഹാജരാക്കിയ വിപിൻരാജ് കെ എന്ന കരാറുകാരന്റെ 1226049/- രൂപയുടെ ടെന്റർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ Enviro Machines And Systems ന്റെ 1221016.7 രൂപയുടെ ടെന്റർ അംഗീകരിക്കാതിരുന്നതിനുള്ള കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/21.01.2023) ലഭ്യമാക്കിയ മറുപടിയിൽ എൻവിറോ ഏജൻസീസ് പി ഡബ്ളിയു ഡി അംഗീകരിച്ച കരാറുകാരല്ലാത്തതിനാലാണ് പ്രസ്തുത സ്ഥാപനത്തെ പരിഗണിക്കാതിരുന്നത് എന്ന് അറിയിച്ചു. എന്നാൽ ടി കരാറുകാർ PWD അംഗീകാരമില്ലാത്ത കരാറുകാരനാണെന്ന് കമ്മറ്റി തീരുമാനമില്ല. അതിനാൽ കരാറുകാരന് ഒന്നാം പാർട്ട് ബില്ലായി നൽകിയ 604682/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത മണ്ണിൽ ഉപയോഗ ശേഷമുള്ള 50 ഘനമീറ്റർ മണ്ണ് സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും ഈ അളവ് മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണലിന്റെ ലേലം നടത്തിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 871806/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് വിഹിതം നൽകിയിട്ടുള്ളതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ സ്ഥാപനം | വിനിയോഗ വിവരം സംബന്ധിച്ച് |
|---|---|---|---|---|
| S0004/22 | അഗതിരഹിതകേരളം പദ്ധതിക്ക് ബ്ലോക് വിഹിതം | 300000/- (വികസനഫണ്ട്) | ബുധനൂർ ഗ്രാമ പഞ്ചായത്ത് - 100000<br>പാണ്ടനാട് ഗ്രാമ പഞ്ചായത്ത് -200000 | പാണ്ടനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| S0003/22 | ഐ.കെ.എം.ന് വാർഷിക വിഹിതം | 45606 | ഐ.കെ.എം | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| S0028/22 | ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് സഹായ പദ്ധതി ബ്ലോക്ക് വിഹിതം (എസ്.സി.പി.) | 3858500 | വെൺമണി -2230300<br>ബുധനൂർ - 698200<br>തിരുവൻവണ്ടൂർ - 930000 | ബുധനൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 680000/- രൂപയുടെ |

| | | | | |
|---|---|---|---|---|
| | | | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി 18200/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| S0089/22 | കില സി.എച്ച്.ആർ.ഡി. വനിത ഹോസ്റ്റൽ കെട്ടിട നിർമ്മാണ ത്തിന് ബ്ലോക്ക് ഷെയർ | 300000/- | കില | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| S0087/22 | ലൈഫ് പദ്ധതിക്ക് ബ്ലോക്ക് വിഹിതം | 1600000/- | തിരുവൻവണ്ടൂർ160000/-<br>ചെറിയനാട് 652000/-<br>ബുധനൂർ 500000/-<br>ആല 288000/- | ബുധനൂർ ഗ്രാമപഞ്ചായ ത്തിൽ നിന്നും 480000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി 20000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>ആല ഗ്രാമ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

മേൽ സൂചിപ്പിച്ചിട്ടുള്ള തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 08/20-01-2023 ന് മറുപടി നൽകിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത 871806/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ -വസ്തു പോക്കുവരവ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. S0007/22

പ്രോജക്ടിന്റെ പേര് - ലൈഫ്, പി.എം.എ.വൈ.-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി.പി.) ഫേസ് 3

ചെലവഴിച്ച തുക – 1) 675000/-(ട്രഷറി ബിൽ നം. 21070263008400290036/10-08-2021)

2) 450000/- (ട്രഷറി ബിൽ നം. 21070263008400559306/24-10-2021)

3) 225000/-(ട്രഷറി ബിൽ നം. 21070263008400670596/18-11-2021)

4) 450000/-(ട്രഷറി ബിൽ നം. 21070263008401232556/02-03-2022)

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 08 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് 225000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾ വസ്തുപോക്കുവരവ് നടത്തി പേരിൽ കൂട്ടിയതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/19-01-2023 ന് മറുപടി നൽകിയില്ല. വസ്തു വാങ്ങിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ലക്ഷ്മിക്കുട്ടിയമ്മ, ശബരി നിവാസ്, ബുധനൂർ

2) വിലാസിനി, വാലുതറയിൽ, എണ്ണക്കാട്

3) മധു, കിടാന്തറയിൽ, പെരിങ്ങിലിപ്പുറം

4) സി.എൻ.കരുണാകരൻ, ചാത്തനാട്ടിൽ, പെരിങ്ങിലിപ്പുറം

5) ഭവാനി, പ്ലാവിന്റെ കിഴക്കതിൽ, പെരിങ്ങിലിപ്പുറം

6) മധു.പി.കെ.&സതി റാം.എസ്, പറങ്ങഴമോടി വീട്

7) മനു.എം., മാലിത്തറ, തിരുവൻവണ്ടൂർ പി.ഒ.

8) സജിത്ത് സത്യൻ, മാലിത്തറ

മേൽ ഗുണഭോക്താക്കൾ വസ്തു പോക്കുവരവ് നടത്തി പേരിൽ കൂട്ടി കരം അടച്ചതിന്റെ വിശദാംശം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1800000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 പി.എം.എ.വൈ.പദ്ധതി -ലഘു അവലോകനം

പി.എം.എ.വൈ.പദ്ധതി പ്രകാരം അഡ്വാൻസ് തുക 48000/- രൂപ വീതം കൈപ്പറ്റുകയും ഭവന നിർമ്മാണം നാളിതു വരെ ആരംഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ നാളിതുവരെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | ചെല്ലപ്പൻ, പാലനിൽക്കും തറയിൽ | ചെറിയനാട് |
| 2 | അമ്മിണി അമ്മാൾ, നാരായണവിലാസം | പാണ്ടനാട് |
| 3 | സുധ, നാരായണവിലാസം | പാണ്ടനാട് |
| 4 | സതിയമ്മ, മാടപ്പള്ളി തെക്കേതിൽ | വെൺമണി |
| 5 | ബീനകുമാരി, കുറ്റിയിൽവീട് | ബുധനൂർ |
| 6 | ചന്ദ്രമതി, കൊച്ചുമണ്ണിൽ | ബുധനൂർ |
| 7 | അഭിലാഷ്.കെ., കറുക ഉണ്ടിയിൽ | ബുധനൂർ |
| 8 | പുഷ്പ മോഹനൻ, ചരുവ് പറമ്പിൽ | ചെറിയനാട് |
| 9 | ശാന്ത.എൻ.ആർ., നടാലിൽതെക്കേതിൽ | ചെറിയനാട് |
| 10 | കെ.ടി.ജോൺ, കിഴവള്ളിൽ സിയോൺപുരം | പാണ്ടനാട് |
| 11 | അമ്മിണി, വല്ല്യത്ത് വടക്കേക്കര | വെൺമണി |
| 12 | കലാധരൻ, മംഗലത്ത് മേലേതിൽ | മുളക്കുഴ |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപമായി തുടരുന്നു

വാർഷിക കണക്കിലെ ഷെഡ്യൂൾ B4 പ്രകാരം താഴെ ചേർത്തിട്ടുള്ള ഇനങ്ങളിലെ തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 320100115 | ടോട്ടൽ സാനിട്ടേഷൻ | 1987286 |
| 320100199 | കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ് | 14975 |
| 320300199 | കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ് | 145445 |
| 320400199 | കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ്-അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ | 966497 |

താഴെ ചേർത്തിട്ടുള്ള ഇനങ്ങളിലെ തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നില നിൽക്കുന്നു.

| ഇനം | തുക |
|---|---|
| സ്പെഷ്യൽ ഹൗസ് പ്ലാൻ | 1098137 |
| റിവോൾവിംഗ് ഫണ്ട് | 815107 |
| നിർമ്മൽ പുരസ്കാരം | 1973004 |

പ്രത്യക മാർഗ്ഗനിർദ്ദേശ പ്രകാരം ലഭിച്ച നിർമ്മൽ പുരസ്കാരം മാർഗ്ഗ നിർദ്ദേശങ്ങൾക്കനസൃതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് ഫണ്ടിനങ്ങളും അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം - ക്രമക്കേടുകൾ

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 07-09-2021 ലെ 4(1) നം. തീരുമാന പ്രകാരം പട്ടികജാതി വികസന ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഡേറ്റാ എൻട്രി ഓപ്പറേറ്ററെ 03 മാസത്തേക്ക് നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29-11-2021 ലെ 3(1) നം. തീരുമാന പ്രകാരം ടിയാളുടെ നിയമനം ഒരു മാസത്തേക്ക് കൂടി നീട്ടാനം തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രമ്യ.എസ്.രവീന്ദ്രൻ എന്ന വ്യക്തിയെ ഡേറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. വേതനം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തുക | ജോലി ചെയ്ത മാസം | ജോലി ചെയ്ത ദിനങ്ങളുടെ എണ്ണം |
|---|---|---|---|
| 0981782/10-11-2021 | 9060 | 09/2021 | 12 |
| 0981784/19-11-2021 | 9815 | 10/2021 | 13 |
| 0981791/06-12-2021 | 1510 | 11/2021 | 02 |
| 3977622/16-12-2021 | 10570 | 11/21 | 14 |
| 0981809/25-01-2022 | 4530 | 01/22 | 6 |
| 0981803/10-01-22 | 11325 | 12/21 | 15 |
| 0981820/22-02-22 | 5285 | 01/22 | 7 |

ഇപ്രകാരം നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/21-01-2023 ന് നൽകിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിയമനം നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. അനുവദനീയമായ തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്താവുന്നതാണ്. പട്ടികജാതി വികസന ഓഫീസിൽ ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ

തസ്തികയില്ല. സർക്കാർ അനുമതിയോ നിർദ്ദേശമോയില്ലാതെ ഇപ്രകാരം നിയമനം നടത്തി വേതനം നൽകിയിരിക്കുന്നു. അനുവദനീയമായ തസ്തികയോ, സർക്കാർ അനുമതിയോ ഇല്ലാതെ ഈ രീതിയിൽ തസ്തിക സൃഷ്ടിച്ച് ചെലവ് നടത്തിയത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 52095/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | ചെറിയനാട് പഞ്ചായത്തിൽ കുടിവെള്ള പൈപ്പ് ലൈൻ | 21070263008401182108/ 22.02.2022 | 1404000 | 0 | 1404000 |
| അനർട്ട്, ആലപ്പുഴ | പട്ടിക ജാതി സങ്കേതങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 21070263008400614004/ 06.11.2021 | 1749000 | 0 | 1749000 |
| ഭൂജല വകുപ്പ്, ആലപ്പുഴ | മുളക്കുഴ അരീക്കര കുടിവെള്ള പദ്ധതി മെയിന്റനൻസ് | 21070263008401479511/ 26.03.2022 | 749000 | 0 | 749000 |
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | പുലിയൂർ നൂറ്റവൻപാറ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതി | XVFC/2021-22/P/13/ 28.03.2022 | 849920 | 0 | 849920 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112246396 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80449615 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52096 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6392088 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 1-14 | | 52096 | ശ്രീമതി.ബീന എസ് , സെക്രട്ടറി |
| ആകെ | | 52096 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 3002920 | ശ്രീമതി.ബീന എസ്, സെക്രട്ടറി |
| 1-13 | 112680 | ഡോ .ചിത്രാ സാബു , മെഡിക്കൽ ഓഫീസർ |
| 1-15 | 604682 | ശ്രീ .ജിഷി ആർ , അസി.എഞ്ചിനീയർ |
| 1-16 | 871806 | ശ്രീമതി.ബീന എസ്, സെക്രട്ടറി |
| 1-17 | 1800000 | ശ്രീമതി.ബീന എസ്, സെക്രട്ടറി |
| ആകെ | 6392088 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി ബീന എസ്, സെക്രട്ടറി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പെരുമാൾ വിള വീട്, ചെറുകുന്നം, വർക്കല പി ഒ, കൊല്ലം |
| ശ്രീ. ജിഷി ആർ, അസി.എഞ്ചിനീയർ എൽ എസ് ജി ഡി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | അസി.എഞ്ചിനീയർ എൽ എസ് ജി ഡി, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ദിവ്യം, മയ്യിനാട് റോഡ്, കൊട്ടിയം പി. ഒ, കൊല്ലം |
| ഡോ.ചിത്രാ സാബു, മെഡിക്കൽ ഓഫീസർ, സി എച്ച് സി, പാണ്ടനാട് | മെഡിക്കൽ ഓഫീസർ, സി എച്ച് സി, മാന്നാർ | ചിറയ്ക്കൽ ഹൗസ്, ചെറിയനാട് പി.ഒ, ചെങ്ങന്നൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ. എഫ് എ3-/310/00/തീയതി 5.10.2010 |
| 1996-97 | എൽ.എഫ് എ5/87/01/തീയതി 1.6.2001 |
| 1997-98 | എൽ.എഫ് എ5/87/01/തീയതി 1.6.2001 |
| 1998-99 | എൽ.എഫ് എ5/87/01/തീയതി 29.9.01 |
| 2000-01 | എൽ.എഫ്.എ7/1298(എ)/04/തീയതി 5.8.2005 |
| 2002-03 | എൽ.എഫ്.ജിഎ/ബിപി അദാലത്ത്/26/14(32) തീയതി 31.3.2014 |
| 2003-04 | എൽ.എഫ്.ജിഎ/ബിപി അദാലത്ത്/26/14(33) തീയതി 31.3.2014 |
| 2004-05 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(34) തീയതി 31.3.2014 |
| 2005-06 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(35) തീയതി 31.3.2014 |
| 2006-07 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(36) തീയതി 31.3.2014 |
| 2007-08 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(37) തീയതി 31.3.2014 |
| 2008-09 | എൽ.എഫ്.എ 1577/13/12.5.14 |
| 2009-10 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(38)തീയതി 31.3.2014 |
| 2010-11, 2011-12 | എൽ.എഫ്.എ7/275/2013/3.6.13/30.6.13 |
| 2012-13 | എൽ.എഫ്.എ.പി3/364/2015/30.5.2015 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-209/17 തീയതി 10.3.17/22.3.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1453/17 തീയതി 07.12.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-143/2019 തീയതി 08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-124/2020 തീയതി 24.04.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-692/2022 തീയതി 06.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-693/2022 തീയതി 08.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്